പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1551 | 11.02.2013-ൽ മറുപടിയ്ക്ക്

## 2013-ലെ പത്മ പുരസ്കാരങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | 2013-ലെ പത്മ പുരസ്കാരങ്ങൾക്കായി എത്ര പേരുടെ ലിസ്റ്റ് കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി നൽകി; | (എ) & (ബി) | 46 വ്യക്തികളുടെ പേരുകൾ ശുപാർശ ചെയ്തിരുന്നു. ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | അവർ ആരെല്ലാമെന്നും ഓരോരുത്തർക്കും എപ്രകാരമുള്ള പത്മ പുരസ്കാരങ്ങൾ നൽകണമെന്നുമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്; വ്യക്തമാക്കുമോ; | | |
| (സി) | എത്ര പേർക്കാണ് സർക്കാർ നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പത്മ പുരസ്കാരം ലഭിച്ചത്; അവർ ആരെല്ലാം; വിശദമാക്കുമോ; | (സി) & (ഡി) | പത്മ പുരസ്കാരങ്ങൾ ലഭിച്ചത് ആർക്കെല്ലാമാണെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും ആധികാരികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | ആകെ എത്ര പത്മ പുരസ്കാരമാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | | |
| (ഇ) | 2013-ൽ പത്മ പുരസ്കാരം പ്രഖ്യാപിക്കുവാൻ നൽകിയ ലിസ്റ്റിൽ 2008-ൽ പത്മശ്രീ ലഭിച്ച പ്രൊഫ. ലീലാവതി ഉൾപ്പെട്ടുവോ; എങ്കിൽ എന്തുകൊണ്ട് ഇപ്രകാരം സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഇ) | സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത വ്യക്തികളുടെ പേരുകൾ അനുബന്ധം I-ൽ കാണാവുന്നതാണ്. പ്രൊഫ. ലീലാവതിയുടെ പേര് വീണ്ടും പത്മശ്രീക്ക് തന്നെ ശുപാർശ ചെയ്യാനിടയായ സാഹചര്യം പരിശോധിച്ചുവരികയാണ്. |
| (എഫ്) | പത്മ പുരസ്കാരങ്ങൾ നൽകുന്നതിൽ കേന്ദ്രനിർദ്ദേശങ്ങൾ വേണ്ടവിധം പാലിക്കാത്തതാണ് സംസ്ഥാനത്ത് നിന്നുള്ള ശുപാർശകൾ പരിഗണിക്കപ്പെടാത്തതിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ; | (എഫ്) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആക്ഷേപം ശരിയല്ല. |

(ജി) പത്മ അവാർഡുകൾക്ക് അർഹരായ വ്യക്തികളെ ശുപാർശ ചെയ്യാൻ വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(എച്ച്) ഇനിയെങ്കിലും സംസ്ഥാനത്തിൽ വിവിധ രംഗങ്ങളിൽ കഴിവ് തെളിയിച്ചവരെ അതാത് സമയങ്ങളിൽ പത്മ പുരസ്ക്കാരം നൽകുവാൻ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ലിസ്റ്റ് നൽകുവാനും ആയത് ബൃഹത്തായ ലിസ്റ്റ് ആകാതിരിക്കുവാനും ശ്രദ്ധിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ജി) & (എച്ച്) ഇപ്രാവശ്യത്തെ പത്മ അവാർഡുകൾക്ക് വ്യക്തികളെ ശുപാർശ ചെയ്യുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധം **II** ആയി ചേർത്തിട്ടുണ്ട്. സ്പെഷ്യൽ സർച്ച് കമ്മിറ്റി രൂപികരിക്കണമെന്ന് മാനദണ്ഡങ്ങളിൽ പറയുന്നുണ്ട്. അതനുസരിച്ച് പത്മ അവാർഡിന് ശുപാർശ ചെയ്യേണ്ട വ്യക്തികളുടെ പേരുകൾ തീരുമാനിക്കുവാനായി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി കൺവീനറും ബഹു. ജലവിഭവ വകുപ്പുമന്ത്രി, ബഹു. പട്ടികജാതി-പിന്നാക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി എന്നിവർ മെംബർമാരും, ചീഫ് സെക്രട്ടറി സെക്രട്ടറിയായും ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ

...ുബന്ധം വെബ്സൈറ്റിൽ ...ാണ്

**അനുബന... ...ിൽ ലഭ്യമാണ്**